(ഇ) ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചമാക്കുന്നതിനും കൂടുതൽ തസ്തികകൾ ഈ വകുപ്പിൽ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ നിലവിലുള്ള തസ്തികകൾ വെട്ടികുറയ്ക്കാൻ സർക്കാർതലത്തിൽ തീരുമാനമായിട്ടില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനവും ഘടനയും പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി സെന്റർഫോർ-മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിരിക്കയാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണം

71 (1759) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുവോ ;

(ബി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഹാർബറിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്.

പട്ടികജാതി വികസനവകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത അധികാരങ്ങൾ

72 (1760) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസനവകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) റവന്യൂ വിഭാഗത്തിൽ പദ്ധതി/പദ്ധതിയിതര/കേന്ദ്ര ആവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിലും മുൻവർഷവും ഈ വർഷവും വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയാണെന്ന് വിശദമാക്കാമോ ;

(സി) റവന്യൂ വിഭാഗത്തിൽ ഏതെല്ലാം പദ്ധതികളുടെ എന്തു തുക വീതം ചെലവഴിക്കാതെ പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) അനുവദിച്ച തുകയിൽ പൂർണ്ണമായും ചെലവഴിക്കാതെ പോയ പദ്ധതി ഏതാണ് ; അതിനുള്ള കാരണമെന്താണ് ;

(ഇ) മുൻ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ഏതെല്ലാം അധികാരങ്ങളാണിപ്പോൾ ഡിപ്പാർട്ടുമെന്റ് തിരിച്ചു പിടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പൂർണ്ണമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ചെലവഴിക്കാതിരുന്ന തുക സറണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ ലഭ്യമാണ്.*

(ഡി) 1. മികവിന്റെ കേന്ദ്രം

2. ഇലക്ട്രോണിക് കമ്പ്യൂട്ടർ വിവര സാങ്കേതിക വിദ്യ തുടങ്ങിയ ഹൈടെക് കോഴ്സുകളിൽ പരിശീലനം.

മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിന് പ്രോജക്ട് കോഴിക്കോട് ഐ.ഐ.എ.എം.-ൽ ലഭ്യമാകാതിരുന്നതിനാലും ഹൈടെക് കോഴ്സുകളിൽ പരിശീലന പദ്ധതിക്കുള്ള ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്കയാൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറിയിട്ടുള്ള പദ്ധതികളോ അധികാരങ്ങളോ ഇതേവരെ തിട്ടപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly